A

603

# വാർഷിക മൂല്യനിർണയം 2017-18

## ഗണിതം

സ്റ്റാൻഡേർഡ് - 6

സമയം: 2 മണിക്കൂർ

**നിർദേശങ്ങൾ**

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുൻപ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിരിക്കുന്ന എട്ട് മൂല്യനിർണയ പ്രവർത്തനങ്ങളിൽ നിന്ന് ഏതെങ്കിലും ആറ് എണ്ണത്തിന് മാത്രം ഉത്തരം എഴുതിയാൽ മതി.

---

**പ്രവർത്തനം 1**




എ. ചിത്രത്തിൽ എത്ര കോണുകളുണ്ട്? അവ ഏതെല്ലാം?

ബി. ഏതെങ്കിലും രണ്ട് രേഖീയജോടികൾ കണ്ടെത്തി എഴുതുക.

സി ചിത്രത്തിൽ നിന്നും ഒരു ജോടി എതിർകോണുകൾ കണ്ടെത്തി എഴുതുക.

**പ്രവർത്തനം 2**

ഒരു കുടുംബത്തിന്റെ ഒരു മാസത്തെ ചെലവുകളാണ് ചിത്രത്തിൽ കാണിച്ചിരിക്കുന്നത്.



എ. ഭക്ഷണത്തിന് ആകെയുള്ളതിന്റെ എത്രശതമാനമാണ് ചെലവാകുന്നത്?

ബി. ഭക്ഷണത്തിന് 7000 രൂപയാണ് ചെലവാകുന്നത് എങ്കിൽ കുടുംബത്തിന്റെ ആകെ ചെലവ് എത്രയാണ് ?

സി. വിദ്യാഭ്യാസത്തിനും വസ്ത്രത്തിനും കൂടി എത്ര രൂപ ചെലവാക്കുന്നുണ്ട് ?

**പ്രവർത്തനം 3**

www.educationobserver.com/forum

ഒരു വിദ്യാലയത്തിൽ പത്താം ക്ലാസ്സിലെ 5 ഡിവിഷനിലെ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും എണ്ണത്തെ സൂചിപ്പിക്കുന്ന ചതുര ചിത്രം ചുവടെ നൽകിയിരിക്കുന്നു. ചിത്രം പരിശോധിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




എ. ആൺകുട്ടികളുടെയും പെൺകുട്ടികളുടേയും എണ്ണം തുല്യമായത് ഏത് ഡിവിഷനിലാണ്?

ബി. ഏറ്റവും കൂടുതൽ കുട്ടികൾ പരീക്ഷ എഴുതിയത് ഏത് ഡിവിഷനിലാണ് ?

സി. വിദ്യാലയത്തിൽ പരീക്ഷ എഴുതിയ പെൺകുട്ടികളുടെ ആകെ എണ്ണം എത്രയാണ് ?

ഡി. വിദ്യാലയത്തിൽ പരീക്ഷ എഴുതിയ ആൺകുട്ടികൾ, ആകെ കുട്ടികളുടെ എത്ര ശതമാനമാണ് ?

**പ്രവർത്തനം 4**

" വിദ്യാലയത്തിൽ ഒരു കൃഷിത്തോട്ടം" പദ്ധതിയുടെ ഭാഗമായി സേവനഗിരി സ്കൂളിൽ 30 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലും ചതുരാകൃതിയിൽ സ്ഥലം ഒരുക്കി പച്ചക്കറി കൃഷി തുടങ്ങി. 15 % സ്ഥലത്ത് ചീര, 20 % സ്ഥലത്ത് വെള്ളരി, 25 % സ്ഥലത്ത് പയർ , 20 % സ്ഥലത്ത് വെണ്ട ഇങ്ങനെ കൃഷി ചെയ്തു . ബാക്കി സ്ഥലം തരിശായി കിടന്നു.

എ. ആകെ എത്ര ശതമാനം സ്ഥലത്താണ് കൃഷി ചെയ്തത് ?

ബി. ചീരയെ അപേക്ഷിച്ച് എത്ര ചതുരശ്രമീറ്റർ അധികം സ്ഥലത്ത് പയർ കൃഷി ചെയ്തു ?

സി. കൃഷി ചെയ്യാതെ തരിശായി കിടക്കുന്ന സ്ഥലമെത്ര ?

**പ്രവർത്തനം 5**




എ. ചിത്രത്തിൽ $\angle BOC$ യുടെ അളവ് എത്ര ?

ബി. വൃത്തത്തിന്റെ എത്ര ഭാഗമാണ് $\angle BOC$ യെ സൂചിപ്പിക്കുന്നത്?

സി. ചിത്രത്തിൽ വൃത്തത്തിന്റെ എത്രഭാഗമാണ് ഷെയ്ഡ് ചെയ്തിരിക്കുന്നത് ?

ഡി. $\angle AOB$, $\angle BOC$ , $\angle COD$ എന്നീ കോണുകൾ ചേർന്നത് വൃത്തത്തിന്റെ എത്ര ഭാഗമാണ് ?

**പ്രവർത്തനം 6**

**പട്ടിക പൂർത്തിയാക്കുക.**

| ഭിന്നരൂപം | ദശാംശരൂപം | ശതമാനം |
|---|---|---|
| $\frac{1}{2}$ | 0:50 | 50 % |
| $\frac{1}{4}$ ----- | 0.25 | 25 % |
| $\frac{1}{10}$ | 0.1 | 1% |
| $\frac{3}{4}$ | 0:45 | 45% |

പ്രവർത്തനം 7

മാണിക്യപുരം യു.പി സ്കൂളിൽ പാലിയേറ്റീവ് ദിനത്തോടനുബന്ധിച്ച് പണം സമാഹരിക്കാൻ തീരുമാനിച്ചു. ഓരോ വിദ്യാർഥിയും 10 രൂപ വീതവും ക്ലാസധ്യാപകർ തങ്ങളുടെ ക്ലാസിലെ കുട്ടികളുടെ ആകെ സംഭാവനയുടെ പകുതിയുമാണ് നൽകിയത്.

www.educationobserver.com/forum

| ക്ലാസ് | കുട്ടികളുടെ എണ്ണം | ക്രിയാരൂപം | തുക |
|---|---|---|---|
| VI.A | 24 | $24 \times 10 + \frac{1}{2}(24 \times 10)$ | 240 + 120 |
| VI.B | 30 | $30 \times 10 + \frac{1}{2}(30 \times 10)$ | 300 + 150 |
| VI. C | 26 | ------------------------ | 260 + 130 |
| VI.D | *P* | ------------------------ | ----------- |

എ. പട്ടിക പൂർത്തിയാക്കുക.

ബി. കുട്ടികളുടെ എണ്ണം $n$ എന്നും ഒരു കുട്ടി നൽകുന്ന സംഖ്യ $m$ എന്നും എടുത്താൽ ഈ ബന്ധം എങ്ങനെ എഴുതാം ?

പ്രവർത്തനം 8

ഒരു കേക്കിന് 24 സെ.മീ നീളവും 18 സെ.മീ വീതിയും 16 സെ.മീ ഉയരവും ഉണ്ട്. ഇതിനെ 4 സെ.മീ നീളം , 3 സെ.മീ വീതി, 2 സെ.മീ ഉയരം ഉള്ള കഷണങ്ങളാക്കി മുറിച്ച് ഒരു കഷണം വീതം കുട്ടികൾക്ക് വിതരണം ചെയ്യുന്നു.

എ. ചതുരക്കട്ടയുടെ വ്യാപ്തം കണ്ടെത്താനുള്ള മാർഗം താഴെ പറയുന്നവയിൽ ഏതാണ്

ശരിയായത് ?

[ ( നീളം + വീതി + ഉയരം ) , ( നീളം + വീതി x ഉയരം),
(നീളം x വീതി x ഉയരം ) , (നീളം x വീതി - ഉയരം ). ]

ബി. കേക്കിന്റെ വ്യാപ്തം എത്രയാണ് ?

സി. കേക്ക് എത്ര കുട്ടികൾക്ക് വിതരണം ചെയ്യാം. ?